Draft #3 of File 31570/PD6 SO/2019/PD 6 Approved by ASSISTANT REGISTRAR I (EXAM) on 07-Jul-2020 03:03 PM - Page 1

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**<u>സംഗ്രഹം</u>**

ബിരുദ സർട്ടിഫിക്കറ്റുകൾ അപേക്ഷകർക്ക് കേടുപാടുകൾ കൂടാതെ തപാലിൽ അയച്ച് കൊടുക്കുന്നതിന് പുതിയ കവറുകൾ പ്രിൻറ് ചെയ്യുന്നത് സംബന്ധിച്ച് - കുസാറ്റിൽ നിന്നും മാതൃകയായി ലഭിച്ച കവറുകൾ - അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു,

---

**പരീക്ഷ വിഭാഗം പി.ഡി 6 സെക്ഷൻ**

നമ്പർ. 3055/PD 6/2020/എം.ജി.യു പ്രിയദർശിനി ഹിൽസ്,തീയതി: 07.07.2020

---

*പരാമർശം:*-1. 30.09.2019 -ലെ ഉത്തരവ് നമ്പർ 4654/PD6/2019/എം.ജി.യു.

2. 12.11.2019 തീയതിയായി PD VI സെക്ഷനിൽ നിന്നും PDVI/4/Misc/1013/19 നമ്പരായി സിൻഡിക്കേറ്റിലേയ്ക്ക് സമർപ്പിച്ച കുറിപ്പ്.

3. ടി കുറിപ്പിൽ 02.07.2020 തീയതിയായുള്ള വൈസ് ചാൻസിലറുടെ ഉത്തരവ്.

**<u>ഉത്തരവ്</u>**

മഹാത്മാഗാന്ധി സർവകലാശാലയിൽ നിന്നും തപാൽ മാർഗം ലഭിച്ച ബിരുദ സർട്ടിഫിക്കറ്റ് മടക്കുകളോടും ചുളിവുകളോടും കൂടിയാണ് തനിക്കു ലഭിച്ചതെന്നും ബിരുദ സർട്ടിഫിക്കറ്റുകൾ സുരക്ഷിതമായ മാർഗ്ഗത്തിൽ അയയ്ക്കുന്നതിനായുള്ള നടപടിക്രമങ്ങൾക്കു മുൻകൈ എടുക്കുവാൻ സർവ്വകലാശാലയ്ക്കു നിർദ്ദേശം നൽകണമെന്നും കാട്ടി ഒരു വിദ്യാർത്ഥി സമർപ്പിച്ച അപേക്ഷ വിദ്യാഭ്യാസ മന്ത്രിയുടെ ഓഫീസിൽ നിന്നും അടിയന്തിര നടപടിയെടുക്കുവാൻ വേണ്ടി സർവ്വകലാശാലയിൽ ലഭിക്കുകയും അതിൻമേൽ കേരളത്തിലെ വിവിധ സർവ്വകലാശാലകൾ ബിരുദ സർട്ടിഫിക്കറ്റുകൾ അയച്ചുകൊടുക്കുന്ന രീതി പരിശോധിച്ച് ചെലവുകുറഞ്ഞതും സുരക്ഷിതവുമായ രീതി നിർദ്ദേശിക്കുവാൻ അസിസ്റ്റൻറ് രജിസ്ട്രാർ I -നെ പരീക്ഷാ കൺട്രോളർ ചുമതലപ്പെടുത്തുകയും ചെയ്തു. ഇതിനെ തുടർന്ന് കേരള സർവ്വകലാശാല, കാലിക്കറ്റ് സർവ്വകലാശാല, കുസാറ്റ്, കണ്ണൂർ സർവ്വകലാശാലകളിലേയ്ക്ക് കത്തുകൾ അയക്കുകയും ടി സർവ്വകലാശാലകൾ ബിരുദ സർട്ടിഫിക്കറ്റുകൾ അയച്ചുകൊടുക്കുവാൻ ഉപയോഗിക്കുന്ന കവറുകൾ അയച്ചുതരികയും ചെയ്തു. കുസാറ്റ് നൽകുന്ന രീതിയിൽ ബിരുദ സർട്ടിഫിക്കറ്റുകൾ അയച്ചുകൊടുക്കുവാൻ തപാൽ ചെലവ് 107 രൂപയാകുമെന്നും ആയതിനാൽ ബിരുദ സർട്ടിഫിക്കറ്റ് നൽകുന്നതിനുള്ള ഫീസ് നിലവിലുള്ളതിനേക്കാൾ വർദ്ധിപ്പിക്കേണ്ടതായി വന്നേക്കാം എന്നും ചൂണ്ടിക്കാണിച്ചുകൊണ്ട് ഇവയിലേതുമാതൃക അവലംബിക്കണം എന്നും തീരുമാനിക്കുന്നതിനായി ഫയൽ വൈസ് ചാൻസിലർക്കു സമർപ്പിക്കുകയും വൈസ് ചാൻസിലർ 11.03.2019-ലെ ഉത്തരവ് പ്രകാരം വിഷയം സിൻഡിക്കേറ്റിൽ സമർപ്പിക്കാൻ ഉത്തരവാകുകയും ചെയ്തു. 17.08.2019-ൽ കൂടിയ

സിൻഡിക്കേറ്റ് യോഗം ഒ.എ.26/19.7/190362 പ്രകാരം കവറുകളിൽ "A" എന്ന് അടയാളപ്പെടുത്തിയിരിക്കുന്നത് അംഗീകരിക്കുന്നതിനും അടിയന്തിര സാഹചര്യം കണക്കിലെടുത്ത് നാലായിരം കവറുകൾ പ്രിൻറ് ചെയ്ത് വാങ്ങുന്നതിനുള്ള നടപടികൾ കൈക്കൊള്ളുന്നതിന് പരീക്ഷാ കൺട്രോളറെ ചുമതലപ്പെടുത്തുന്നതിനും തീരുമാനിക്കുകയുണ്ടായി. തദനുസരണമായി പരാമർശം 1 പ്രകാരമുള്ള ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തു.

17.08.2019-ലെ സിൻഡിക്കേറ്റ് യോഗം അംഗീകരിച്ച് മാതൃകയായി ചേർത്തിരുന്ന കവർ "A" ഇതര സർവ്വകലാശാലകളിൽ നിന്ന് ശേഖരിച്ച് മാതൃകയായി സമർപ്പിച്ചവയുടെ കൂട്ടത്തിൽ ഉൾപ്പെടുന്നതല്ല എന്ന് ചൂണ്ടിക്കാട്ടിയ പരീക്ഷാകൺട്രോളർ, അംഗീകരിക്കപ്പെട്ട കവർ മാതൃക പ്രിൻറിംഗ് സെക്ഷനിലേയ്ക്ക് കൈമാറുന്നതിന് ബഹുമാനപ്പെട്ട വൈസ്ചാൻസിലറുടെ അനുമതി തേടി.

ബിരുദ സർട്ടിഫിക്കറ്റുകൾ അയച്ചുകൊടുക്കുന്നതിനായി ഫയലിൽ ഉൾപ്പെടുത്തിയിരിക്കുന്ന സാംപിളുകളിൽ കുസാറ്റിൽ നിന്നും ലഭിച്ചത് കൂടുതൽ ദൃഢവും സുരക്ഷിതവുമായതിനാൽ സർവ്വകലാശാലയിൽ നിന്നും അപേക്ഷകൻറെ കൈകളിൽ എത്തിച്ചേരുന്നതിനിടയ്ക്ക് ഉണ്ടാകുവാൻ സാധ്യതയുള്ള കേടുപാടുകൾ ഒഴിവാക്കുവാൻ അവയ്ക്ക് കഴിയുമെന്നും ഡിഗ്രി സർട്ടിഫിക്കറ്റുകൾ ഭാവിയിൽ സൂക്ഷിച്ചുവെക്കുവാൻ അത് ഉതകുന്നതാണെന്നും, കവർ തയ്യാറാക്കുന്നതിനും തപാൽ ചെലവിനത്തിനും അധികമായി വരുന്ന തുക അപേക്ഷകനിൽ നിന്നും ഈടാക്കാവുന്നതാണെന്നും സൂചിപ്പിച്ചുകൊണ്ടും ഇത് സംബന്ധമായ തീരുമാനത്തിനായി ഫയൽ സിൻഡിക്കേറ്റിൻറെ പരിഗണനയ്ക്കായി സമർപ്പിക്കുവാൻ 05.10.2019-ൽ വൈസ് ചാൻസിലർ ഉത്തരവിട്ടു.

പരാമർശം 3 പ്രകാരം 1985 -ലെ മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 03.10 (17) പ്രകാരം ബഹു: വൈസ്ചാൻസിലർ കുസാറ്റിൽ നിന്നും സമർപ്പിച്ച കവർമാതൃക അംഗീകരിക്കുകയും തപാൽ ചെലവുകൾക്കായി 200 രൂപ അധികമായി ഡിഗ്രി സർട്ടിഫിക്കറ്റിൻറെ ഫീസ് ഇനത്തിൽ ചേർക്കുവാനും ഉത്തരവായി. ഇതോടൊപ്പം പരാമർശം 1 പ്രകാരമുള്ള ഉത്തരവ് വൈസ്ചാൻസിലർ റദ്ദാക്കുകയുമുണ്ടായി.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

സുജ എസ്

അസിസ്റ്റന്റ് രജിസ്ട്രാർ 1 (പരീക്ഷ)
പരീക്ഷ കൺട്രോളർക്കു വേണ്ടി

പകർപ്പ്

1.വി.സി./പി.വി.സി. എന്നിവരുടെ പി.എസ്.മാർ

Draft #3 of File 31570/PD6 SO/2019/PD 6 Approved by ASSISTANT REGISTRAR I (EXAM) on 07-Jul-2020 03:03 PM - Page 2
മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

2. രജിസ്ട്രാർ/എഫ്.ഒ/സി.ഇ. എന്നിവരുടെ പി.എ. മാർ

3. ജെ.ആർ 1,2,3,4 (പരീക്ഷാ വിഭാഗം)

4. ഡി.ആർ 4 (പരീക്ഷാ വിഭാഗം)

5. എ.ആർ 1 (പരീക്ഷാ വിഭാഗം)

6. ജെ.ആർ (ഫിനാൻസ്)

7. ബന്ധപ്പെട്ട പി.ഡി. സെക്ഷനുകൾ

8. സിൻഡിക്കേറ്റ് സെക്ഷൻ

9. ഓഡിറ്റ് വിഭാഗം

10. ക്യാഷ്/ എക്സാം ക്യാഷ് സെക്ഷനുകൾ

11. ഫ്രണ്ട് ഓഫീസ്

12. പ്രിൻറിംഗ് സെക്ഷൻ

13. കണ്ടൻറ് മാനേജ്മെൻറ് സെക്ഷൻ/സീറ്റെക്സ്/പി.ആർ.ഒ.

14. സ്റ്റോക്ക് ഫയൽ/ഫയൽ കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

Draft #3 of File 31570/PD6 SO/2019/PD 6 Approved by ASSISTANT REGISTRAR I (EXAM) on 07-Jul-2020 03:03 PM - Page 3